പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1387 — 30.01.2018-ൽ മറുപടിക്ക്

## വേമ്പനാട് കായലിലെ അനധികൃത കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വേമ്പനാട് കായലിന്റെ പാരിസ്ഥിതിക പുനരുജ്ജീവനത്തെക്കുറിച്ചുള്ള പ്രൊഫ. പ്രഭാത് പട്നായിക് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള (SWAK) മുഖേന തയ്യാറാക്കിയ വേമ്പനാട് കായലിന്റെ മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ ടി കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് 405.5 കോടി രൂപയുടെ പ്രൊപ്പോസൽ SWAK സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കയ്യേറ്റം മൂലം പ്രസ്തുത കായലിന്റെ വിസ്തൃതി വളരെയധികം കുറഞ്ഞതായി കണ്ടെത്തി യിട്ടുണ്ടോ; | (ബി) കയ്യേറ്റം മൂലം വേമ്പനാട്ടു കായലിന്റെ വിസ്തൃതിയിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) കായൽ കയ്യേറ്റത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായൽ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കിൽ പാണാവള്ളി വില്ലേജിലെ കാപ്പിക്കോ റിസോർട്ടിന്റെ കൈയ്യേറ്റത്തിനെതിരെ നടപടി സ്വീകരിച്ചതിനെ തുടർന്ന് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ കോട്ടയം, വൈക്കം താലൂക്കിന്റെ പരിധിയിൽ വേമ്പനാട് കായൽ സ്ഥിതി ചെയ്യുന്നു.<br>കോട്ടയം താലൂക്കിന്റെ പരിധിയിൽ കായൽ കൈയ്യേറ്റത്തിനെതിരെ തഹസീൽദാർ (ഭൂരേഖ) കോട്ടയം 9 എൽ.സി കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നതും നിരാമയ റിട്രീറ്റ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള കായൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കുമരകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>വൈക്കം താലൂക്കിന്റെ പരിധിയിൽ തഹസീൽദാർ (ഭൂരേഖ) വൈക്കം 7 എൽ.സി കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഉപഗ്രഹ സഹായത്തോടെ സർവ്വേ നടത്തി കായലിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആധുനിക സർവ്വേ സംവിധാനം ഉപയോഗിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**